**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5012** **14-03-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ അപകട മരണങ്ങൾ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലയിൽ മുങ്ങിമരണങ്ങൾ അടക്കമുള്ള അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | വിനോദസഞ്ചാര മേഖലയിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് വിവിധ ഇടപെടലുകൾ നടത്തുന്നുണ്ട് . ടൂറിസം വകുപ്പിന്റെ കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ മുന്നറിയിപ്പ് ബോർഡുകളും സുരക്ഷാ സംവിധാനങ്ങളും ഒരുക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും അപകട സാധ്യതാ മേഖലകളിൽ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും ആവശ്യമായ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയും വരുന്നു .<br><br>പ്രത്യേകം പരിശീലനം ലഭിച്ച 184 ടൂറിസം പോലീസിനെ കേരളത്തിലെ 14 ജില്ലകളിലായി നിയോഗിച്ചിട്ടുണ്ട്.<br><br>കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി പ്രത്യേകം പരിശീലനം നേടിയ 139 ലൈഫ് ഗാർഡുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.<br><br>ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിത മാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് . |
| (ബി) | അപകട സാധ്യതയുള്ള സ്ഥലങ്ങളിൽ മുന്നറിയിപ്പുകൾ അടക്കമുള്ള സംവിധാനങ്ങൾ | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം. |

| | | | |
|---|---|---|---|
| | ഒരുക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |
| (സി) | അപകട സാധ്യതാ മേഖലയിൽ അപായ മുന്നറിയിപ്പുകൾ നൽകുന്നതുൾപ്പെടെ മുങ്ങിമരണങ്ങൾ അടക്കമുള്ള അപകടങ്ങൾ തടയാൻ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ടൂറിസം വകുപ്പ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട് . പുതുതായി കണ്ടെത്തുന്ന ഡെസ്റ്റിനേഷനുകളിലും അപകട മുന്നറിയിപ്പുകൾ നൽകി മറ്റ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് .<br><br>ബന്ധുവീടുകളിലും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും എത്തുന്ന കുട്ടികൾ ഉൾപ്പെടെയുള്ളവർ പരിചിതമല്ലാത്ത ജലാശയങ്ങളിൽ കുളിക്കുന്നതിനും മറ്റും ഇറങ്ങി അപകടങ്ങൾ സംഭവിക്കുന്നത് ഒഴിവാക്കുന്നതിനായി സ്കൂൾ - കോളേജ് തലത്തിൽ ബോധവത്കരണ ക്ലാസ്സുകൾ നൽകി വരുന്നുണ്ട് . കൂടാതെ ഇത്തരത്തിൽ പതിവായി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും മറ്റും പോലീസ് എയ്ഡ് പോസ്റ്റുകൾ വഴി ബോധവത്കരണം നടത്തിയും അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ സുരക്ഷാ നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നതായി ആഭ്യന്തര വകുപ്പ് അറിയിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ